# 70

# മഹത്തായ ആജ്ഞ

## (28:16- 20)

ഭൂലോകത്തിലൊക്കെയും പോയി സകലജാതികളെയും ശിഷ്യരാക്കുവാൻ യേശു മഹത്തായ ആജ്ഞകൊടുത്തുകൊണ്ടാണ് മത്തായിയുടെ സുവിശേഷം അവസാനിപ്പിക്കുന്നത്. ഉയർത്തെഴുന്നേറ്റ യേശു ശിഷ്യന്മാർക്ക് ഒലിവ് മലയിൽ വെച്ച് പ്രത്യക്ഷമായതും അവന്റെ സ്വർഗാരോഹണവും മത്തായിയുടെ സുവിശേഷത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. സർവ്വലോകത്തിനുമുള്ള സുവിശേഷീകരണവും, യെഹൂദന്മാർക്കും ജാതികൾക്കും ഒരുപോലെ ആവശ്യമായ രക്ഷക്കുമാണ് മത്തായി ഊന്നൽ ചെലുത്തിയത്.

### ഏർപ്പാട് (28:16, 17)

**16 എന്നാൽ പതിനൊന്നു ശിഷ്യന്മാർ ഗലീലയിൽ യേശു അവരോട് കൽപിച്ചിരുന്ന മലെക്ക് പോയി. 17 അവനെ കണ്ടപ്പോൾ, അവർ നമസ്ക്കരിച്ചു, ചിലരോ സംശയിച്ചു.**

**വാക്യം 16. എന്നാൽ** എന്ന സംയോജനം (*ഡേ*) യേശു ജീവിക്കുന്നു എന്നതും യെഹൂദ മതാദ്ധ്യക്ഷന്മാരുടേയും പടയാളികളുടേയും നുണക്കഥയും തമ്മിലുള്ള അന്തരം വ്യക്തമാക്കുന്നു. യേശുവിന്റെ ഉയർത്തെഴുന്നേൽപ്പ് എന്ന സത്യം വിശ്വസിച്ചപ്പോൾ, അവരിലുണ്ടാക്കിയ സന്തോഷവും വിസ്മയവും അതിരറ്റതായിരുന്നു! അടുത്ത് എന്തു സംഭവിക്കുമെന്ന് പറയുക പ്രയാസമാണ്. സ്ത്രീകൾ മുഖാന്തരം ദൂതനും യേശുവും പറഞ്ഞയച്ച നിർദ്ദേശം അവർ അനുസരിച്ചു (28:7, 10). **പതിനോരുവർ** – അവരിൽ ഇപ്പോൾ യൂദാ ഇല്ല (27:5) – **ഗലീലക്ക്** പോയി, അവിടെ യേശു അവർക്കായി കാത്തിരിക്കുമെന്ന് പറഞ്ഞിരുന്നു. അവർ അവന്നായി ചെയ്യുവാനുള്ള ദൗത്യം അപ്പോൾ തിരിച്ചറിഞ്ഞിരുന്നില്ല, അത് വരുവാനിരിക്കുന്നേയുള്ളു.

**യേശു ആവശ്യപ്പെട്ട മലയിലേക്ക്** സ്ത്രീകൾ പറഞ്ഞതുപോലെ, അപ്പൊസ്തലന്മാർ പോയി; ഏതു മലയിലാണെന്ന് യേശു മരിക്കുന്നതിനു മുൻപ് അപ്പൊസ്തലന്മാർക്ക് നിർദ്ദേശം കൊടുത്തിരിക്കും (26:32). പിന്നെ, സ്ത്രീകളോട് സംസാരിച്ചപ്പോൾ ഏതു മലയിലാണെന്ന് പ്രത്യേകമായി അവരോട് പറഞ്ഞിരിക്കും (28:10). മത്തായിയിൽ, കുന്നുകളും മലകളും സൂചിപ്പിക്കുന്നത് ദൈവവുമായുള്ള കൂട്ടായ്മയും വെളിപ്പെടുത്തലുകളുമാണ് (5:1; 14:23; 15:29; 17:1; 21:1). ഈ പർവ്വതത്തിൽ വെച്ച് യേശു മഹത്തായ ആജ്ഞ തന്റെ അപ്പൊസ്തലന്മാർക്ക് നൽകി.

**വാക്യം 17.** അപ്പൊസ്തലന്മാർ യേശുവിനെ കണ്ടപ്പോൾ, സ്ത്രീകൾ ചെയ്തതുപോലെ, അവർ **അവനെ നമസ്ക്കരിച്ചു** (28:9); എന്നാൽ അവിടെ കൂടിയിരുന്ന ചിലർ **സംശയിച്ചു** (*ഡിസ്റ്റാസോ*). ആർ. ടി. ഫ്രാൻസ്, ഉപയോഗിച്ച ക്രിയയെ എടുത്ത് ഊന്നി പറഞ്ഞ്, മറ്റൊരു കാഴ്ച്ചപ്പാടിൽകൂടെയാണ്

സംശയിച്ചവരെ കാണുന്നത്: "*ഡിസ്റ്റാസോ* എന്ന ക്രിയ ഉറച്ച അവിശ്വാസത്തെയല്ല കാണിക്കുന്നത്, പിന്നെയോ നിശ്ചയമില്ലായ്മയും, അലസതയുമാണ് (ഒ. വാ. 14:31, അത് പുതിയനിയമത്തിലെ മറ്റൊരു ഉപയോഗം മാത്രമാണ്)."[1] ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ തങ്ങൾ കണ്ടുവെന്ന അവരുടെ സാക്ഷ്യം അപ്പൊസ്തലന്മാർ പതുക്കെയാണ് വിശ്വസിച്ചത് (ലൂക്കൊ. 24:11). അതുകൊണ്ട്, യേശു അവർക്ക് വിശ്വസിക്കാവുന്ന രീതിയിൽ തന്റെ കൈകളും കാലുകളും കാണിച്ചുകൊടുക്കയും അവരോടുകൂടെ ഭക്ഷിക്കുകയും ചെയ്തു (ലൂക്കൊ. 24:39–43; യോഹ. 20:24–29 നോക്കുക). തീർച്ചയായും, സംശയിച്ച ഗലീലക്കാർക്ക് ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ കാണുവാനുള്ള അവസരം ലഭിച്ചിരുന്നില്ല.

## യേശുവിന്റെ ആജ്ഞ (28:18-20)

"ശാസ്ത്രിമാരെ പോലെയല്ല, അധികാരമുള്ളവനെ പോലെയായിരുന്നു" യേശു പഠിപ്പിച്ചിരുന്നത് (7:29). ഒരു പക്ഷപാതരോഗിയെ സൗഖ്യമാക്കി തനിക്ക് അധികാരമുണ്ടെന്ന് യേശു കാണിച്ചുകൊടുത്തു (9:2–8). ഭൂമിയിലായിരുന്നപ്പോൾ അവനുണ്ടായിരുന്ന അധികാരം – ഉപദേശിപ്പാനും, സൗഖ്യമാക്കുവാനും പാപം ക്ഷമിച്ചുകൊടുപ്പാനും – പിതാവിൽനിന്നു ലഭിച്ചതായിരുന്നു (11:27; 21:23–27 നോക്കുക). പരിമിതമായ ആജ്ഞ കൊടുത്തയച്ചപ്പോൾ, അവർക്ക് "അശുദ്ധാത്മാക്കളെ പുറത്താക്കുവാനും, സകലവിധ രോഗത്തെയും വ്യാധിയേയും സൗഖ്യമാക്കുവാനുള്ള ശക്തിയും കൊടുത്തിരുന്നു" (10:1). ഒരിക്കൽകൂടെ, അവൻ അവരെ അയക്കുകയാണ്; എന്നാൽ ഈ സമയത്ത് മുഴുവൻ രക്ഷാ സന്ദേശവുമായി സർവ്വലോകത്തിലേക്കുമാണ് അയക്കുന്നത്.

### "സകല അധികാരവും" (28:18)

**18 യേശു അടുത്തു ചെന്നു, "സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു."**

**വാക്യം 18.** യേശു പറഞ്ഞു, "**സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു.**" പിതാവ് തനിക്ക് ഏറ്റവും ഉയർന്ന അധികാരം നൽകിയിരിക്കുന്നു എന്നാണ് അവൻ അർത്ഥമാക്കിയത്. ക്രിസ്തീയ യുഗത്തിലെ കർത്താവായിട്ടാണ് അവന്റെ പിതാവ് അവനെ തിരഞ്ഞെടുത്തത്. പൗലൊസ് പിന്നീട് പറയുന്നു, "അതുകൊണ്ട് ... ദൈവം അവനെ ഉയർത്തി, സകല നാമത്തിലും മേലായ നാമം നൽകിയിരിക്കുന്നു ..." (ഫിലി. 2:9). മതപരമായി ഇന്നു ചെയ്യുന്നതെല്ലാം "അവന്റെ നാമത്തിലായിരിക്കണം" ചെയ്യുവാൻ, അല്ലെങ്കിൽ അവന്റെ അധികാരത്തിലായിരിക്കണം. ഉയർത്തെഴുന്നേൽപിനു മുൻപ് അങ്ങനെയായിരുന്നില്ല (യോഹ. 15:16; 16:23–26), പക്ഷെ മനുഷ്യ ചരിത്രത്തിലെ അവസാന യുഗത്തിൽ ഇപ്രകാരമായിരിക്കണം (ലൂക്കൊ. 24:46, 47; പ്രവൃ. 2:38; 4:12; കൊലൊ. 3:17). യേശുവിനെ ഏറ്റവും ഉയർത്തി പിതാവിന്റെ വലത്തുഭാഗത്ത് ഇരുത്തിയിരിക്കുന്നു (22:44; 26:64; പ്രവൃ. 2:34–36; ഫിലി. 2:9–11). അവൻ സിംഹാസനത്തിലിരുന്നു തന്റെ രാജ്യത്തെ വാഴുന്നു (1 കൊ. 15:24–28); അവൻ തന്റെ സഭയുടെ തലയാകുന്നു (എഫെ. 1:20–23; കൊലൊ. 1:18).

## “സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ” (28:19)

**[19]“ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും”**

**വാക്യം 19.** സകല അധികാരവും ലഭിച്ച യേശു തന്റെ അപ്പൊസ്തലന്മാരോട് പറഞ്ഞു, “**ആകയാൽ നിങ്ങൾ പോയി ശിഷ്യന്മാരെ ഉണ്ടാക്കിക്കൊൾവിൻ.**” ഗ്രീക്ക് അപൂർണ്ണ ക്രിയയായ “പോകുക” എന്നത് “നിങ്ങൾ പോകുമ്പോൾ,” അല്ലെങ്കിൽ “നിങ്ങൾ പൊയ്ക്കൊണ്ടിരിക്കുമ്പോൾ” എന്നും പറയാം. എങ്ങനെയായാലും, ഒരു അപൂർണ്ണ ക്രിയ ആജ്ഞാസ്വഭാവമുള്ളതുമായി യോജിപ്പിക്കുമ്പോൾ - ഇവിടെ പറഞ്ഞിരിക്കുന്നതുപോലെ - “ശിഷ്യന്മാരെ ഉണ്ടാക്കിക്കൊൾവിൻ” - എന്നത് ആജ്ഞാസ്വഭാവത്തിന് ഊന്നൽ കൊടുത്തിരിക്കുകയാണ്.[2] മോറിസ് ഇങ്ങനെ പറഞ്ഞിരിക്കുന്നു: “ഊന്നൽ ശിഷ്യന്മാരെ ഉണ്ടാക്കുക എന്നതിനാണെങ്കിലും, യേശു തന്റെ അനുയായികളോട് പോയി ശിഷ്യന്മാരെ ഉണ്ടാക്കുവാനായിരുന്നു കൽപിച്ചത്.”[3]

“ശിഷ്യന്മാരെ ഉണ്ടാക്കിക്കൊൾവിൻ” (*മാതേറ്റെയുവോ*) ആളുകളെ പഠിപ്പിച്ച് യേശുവിന്റെ അനുയായികളാക്കുക എന്നർത്ഥം. ശിഷ്യത്വത്തിൽ യേശുവിലുള്ള വ്യക്തിപരമായ വിശ്വാസം മാത്രമല്ല അടങ്ങിയിരിക്കുന്നത്, അവന്റെ ആത്മിയ നിലവാരത്തിന് കീഴ്പ്പെടുന്നതും ഉൾപ്പെടുന്നു.

**സകല ജാതികളും** എന്ന വീക്ഷണമാണ് യേശു തന്റെ അപ്പൊസ്തലന്മാർക്ക് നൽകിയത്. പരിമിത ആജ്ഞയിൽ, അപ്പൊസ്തലന്മാർക്ക് “യിസ്രായേലിലെ കാണാതെ പോയ ആടുകളിലേക്ക് ചെല്ലുവിൻ” എന്ന നിർദ്ദേശമായിരുന്നു കൊടുത്തത്; “ജാതികളുടെ അടുക്കൽ പോകാതെയും, ശമര്യരുടെ പട്ടണത്തിൽ കടക്കാതെയും” ഇരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു (10:5, 6). ഈ ആജ്ഞയിലെ സുവിശേഷ സന്ദേശം എല്ലാ ജനങ്ങൾക്കുമുള്ളതായിരുന്നു (മർ. 16:15).

“ജാതികൾ” എന്ന വാക്ക് (*എത്നോസിൽ* നിന്നാണ്) അത് പലപ്പോഴും തർജിമ ചെയ്തിരിക്കുന്നത് “ജാതികൾ” എന്നാണ് (4:15; 6:32; 10:5, 18; 12:18, 21) - അതായത്, യിസ്രായേല്യരല്ലാത്ത ആളുകൾ. ഈ സന്ദർഭത്തിൽ ആ വാക്ക് യിസ്രായേല്യരേയും ഉൾപ്പെടുത്തിയിരിക്കുന്നു. ലൂക്കൊസിന്റെ ഒരു രേഖയിൽ പറയുന്നു, “അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും *യെരുശലേമിൽ തുടങ്ങി സകല ജാതികളിലും* പ്രസംഗിക്കയും വേണം” (ലൂക്കൊ. 24:47; എംഫസിസ് ആഡഡ്). സുവിശേഷം ആദ്യം യെരുശലേമിൽ യെഹൂദന്മാരോട് പ്രസംഗിച്ചു (പ്രവൃ. 1–7) പിന്നീട് യെഹൂദ്യയിലേക്കും ശമര്യയിലേക്കും വ്യാപിച്ചു (പ്രവൃ. 8; 9), പിന്നെ വിശാലമായ റോമാ സാമ്രാജ്യത്തിലേക്കും വ്യാപിച്ചു (പ്രവൃ. 10–28).

യേശുവിന് അബ്രഹാമിനോടുള്ള വംശാവലി ബന്ധത്തോടുകൂടിയാണ് മത്തായിയുടെ സുവിശേഷം ആരംഭിക്കുന്നത് (1:1, 2). യിസ്രായേൽ ജനം എന്ന നിലയിൽ അവർ ഒരു ദേശമായി തീരുന്നതിനുമുമ്പ്, അവന്റെ സന്തതി മുഖാന്തരം ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും എന്ന് ദൈവം അബ്രഹാമിനോട് വാഗ്ദത്തം ചെയ്തിരുന്നു (ഉല്. 12:3; 22:18). ആ വാഗ്ദാനം യേശുവിങ്കലേക്ക് നോക്കിയായിരുന്നു നൽകിയത്, അവനാണ് സകല മനുഷ്യർക്കും രക്ഷ നൽകുന്നത് (ഗലാ. 3:8, 16). പഴയനിയമത്തിൽ ദൈവം

യിസ്രായേലിനെ ദൈവം തന്റെ പ്രത്യേക ജനമായി തിരഞ്ഞെടുത്തിരുന്നു. പുതിയനിയമത്തിൽ, എങ്ങനെയായാലും, ദൈവജനത്തെ തിരിച്ചറിയുന്നത്, “വർഗീയതയുടെ അടിസ്ഥാനത്തിലല്ല, മശിഹ മുഖാന്തരം ദൈവത്തോട് ബന്ധപ്പെടുന്നതിന്റെ അടിസ്ഥാനത്തിലത്രെ (നോക്കുക ... 3:9; 8:11–12; 12:21; 21:28–32, 41–43; 22:8–10; 24:14, 31; 26:13).”[4]

ശിഷ്യന്മാരാക്കുന്നതിൽ അവരെ **സ്നാനപ്പെടുത്തലും** ഉൾപ്പെട്ടിരിക്കുന്നു. സ്നാനം (വെള്ളത്തിൽ അടക്കം) യോഹന്നാന്റെ ശുശ്രൂഷയുടെ മുഖ്യഭാഗമായിരുന്നു, മാനസാന്തരപ്പെട്ട് ദൈവരാജ്യത്തിനായി ഒരുങ്ങുവാനായിരുന്നു അവൻ ആളുകളെ ആഹ്വാനം ചെയ്തത് (3:6 ന്റെ പരാമർശം നോക്കുക). യേശു തന്റെ സ്നാനശേഷമാണ്, യോഹന്നാന്റെ ശുശ്രൂഷയെ മറി കടന്ന് ശുശ്രൂഷയിലേക്ക് പ്രവേശിക്കുന്നത്: “യേശു യോഹന്നാനേക്കാളധികം ശിഷ്യന്മാരെ ചേർത്ത് സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നു (യേശു ആയിരുന്നില്ല സ്നാനം കഴിപ്പിച്ചത്, പിന്നെയോ അവന്റെ ശിഷ്യന്മാരായിരുന്നു)” (യോഹ. 4:1, 2). ശിഷ്യരാക്കുന്ന-നടപടിയിൽ സ്നാനം കഴിപ്പിക്കുവാനും യേശു അപ്പൊസ്തലന്മാരോട് കൽപിച്ചതിൽ ശ്രോതാക്കളെ അതിശയിപ്പിച്ചില്ല.

മുൻപ് യോഹന്നാനും യേശുവിന്റെ ശിഷ്യന്മാരും നടത്തിയ സ്നാനവും യേശു മഹത്തായ ആജ്ഞയിൽ കൽപിച്ച സ്നാനവും തമ്മിൽ വ്യത്യാസമുണ്ടായിരുന്നു. അതിനുശേഷം യേശു ക്രൂശിൽ മരിക്കയും ഉയർത്തെഴുന്നേൽക്കുകയും ചെയ്തു. അപ്പൊസ്തലന്മാർ പൂർണ്ണ സുവിശേഷം ആദ്യമായി പ്രസംഗിക്കയും, മഹത്തായ ആജ്ഞയിലെ സ്നാനം പരിശീലിക്കുകയും ചെയ്തപ്പോൾ, ദൈവരാജ്യം (സഭ) വന്നു (പ്രവൃ. 2).

ക്രിസ്തുവിനെ കുറിച്ച് ഉപദേശം ലഭിച്ച് ക്രൂശിക്കപ്പെട്ട കർത്താവിൽ വിശ്വസിച്ച് മാനസാന്തരപ്പെടുന്ന ഏതൊരു വ്യക്തിക്കും സ്നാനപ്പെടാം, അല്ലെങ്കിൽ പാപത്തെ ഉപേക്ഷിച്ച് ദൈവത്തിങ്കലേക്ക് തിരിയുന്ന ഏതൊരാൾക്കും എന്നർത്ഥം (ലൂക്കൊ. 13:3, 5; പ്രവൃ. 2:38). അയാൾ മാനസാന്തരപ്പെട്ടശേഷം, ക്രിസ്തു ദൈവപുത്രനാണെന്ന വിശ്വാസം ഏറ്റു പറയണം (പ്രവൃ. 8:37; റോമർ. 10:9, 10). വിശ്വാസത്തിന്റെ അനന്തര പ്രവൃത്തിയാണ് സ്നാനം (പ്രവൃ. 2:38).

തീർച്ചയായും, “സ്നാനം പാപ ... മോചനത്തിനായി [അല്ലെങ്കിൽ വേണ്ടി] ആണ്” (പ്രവൃ. 2:38), കാരണം ഈ താഴ്മയായ കീഴ്പ്പെടലിൽ, ക്രിസ്തു ക്രൂശിൽ മരിച്ച യാഗത്തിന്റെ അനുഗ്രഹം ലഭിക്കുന്നു. യേശു പറഞ്ഞു, “വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും” (മർ. 16:16). രക്ഷക്ക് മുൻപ് ദൈവം ആവശ്യപ്പെടുന്ന കൽപനയാണ് സ്നാനം. സ്നാനത്താൽ ഒരാൾ ക്രിസ്തുവിനോടും (റോമർ 6:3, 4) സഭയോടും ചേരുകയും (1 കൊ. 12:13) പരിശുദ്ധാത്മാവ് എന്ന ദാനം അങ്ങനെ ലഭിക്കുകയും ചെയ്യും (പ്രവൃ. 2:38).

മഹത്തായ ആജ്ഞയിലെ സ്നാനം **പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ്** ഏൽക്കേണ്ടത്. ആ പ്രയോഗം ത്രിത്വത്തിന്റെ ചുരുക്ക പ്രസ്താവനയാണ് (3:17 ന്റെ പരാമർശം നോക്കുക). “നാമം” എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഒനോമാ*) ദൈവത്തിന്റെ ഐക്യതയിലേക്ക് വിരൽ ചൂണ്ടുന്ന ഏകവചനമാണ്. ത്രിത്വത്തിലെ മൂന്നു വ്യക്തികളെ തിരിച്ചറിയുന്നതാണ്, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവർ (1 കൊ. 12:4–7; 2 കൊ. 13:14; എഫെ. 4:4–6; 1 പത്രൊ. 1:2; യൂദാ. 20, 21).

പൊതുവായ ആശയം വ്യക്തമാണെങ്കിലും, ഈ പ്രയോഗത്തിന്റെ പ്ര

ത്യേകമായ അർത്ഥം വാദിക്കപ്പെട്ടിട്ടുണ്ട്. അത് സ്നാന കർത്താവ് സ്നാനപ്പെടുമ്പോൾ പറയേണ്ടതാണോ? ക്രിസ്ത്യാനികളാകുവാൻ സ്നാനമേറ്റവർ "ക്രിസ്തുവിന്റെ നാമത്തിൽ" സ്നാനമേറ്റ പരിശീലനമായിരുന്നു നടന്നിരുന്നത്, പ്രത്യേകിച്ച് പ്രവൃത്തികളുടെ പുസ്തകത്തിൽ സ്നാനമേറ്റവർ അങ്ങനെയായിരുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (പ്രവൃ. 2:38; 10:48), അല്ലെങ്കിൽ "കർത്താവായ യേശുവിന്റെ നാമത്തിൽ" ആയിരുന്നു (പ്രവൃ. 8:16; 19:5).

അക്കാരണത്താൽ, സ്നാനത്തിനു പിന്നിലുള്ള അധികാരത്തെയാണ് ആ പ്രയോഗം സൂചിപ്പിക്കുന്നത്. "നാമത്തിൽ" എന്നതിനർത്ഥം "അധികാരത്തിൽ" എന്നാണ്. ദൈവികത്വത്തിൽ യാതൊരു അനൈക്യവുമില്ലാത്തതിനാൽ, മഹത്തായ ആജ്ഞയും പ്രവൃത്തികളുടെ പുസ്തകത്തിലെ രേഖയും തമ്മിൽ വൈപരീത്യമൊന്നുമില്ല.

ഗ്രീക്ക് വാക്ക് "ഇൽ" (*എയിസ്*) എന്നത് തർജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം "ലേക്ക്" എന്നാണ് "നാമത്തിലേക്ക്" എന്നതു സൂചിപ്പിക്കുന്നത് ത്രീയേക ദൈവത്തിന്റേതായി മാറുന്നു എന്നാണ്. ഇവിടെ, വിശ്വാസിക്ക് ദൈവത്തോടുണ്ടാകുന്ന പുതിയ ബന്ധമാണ് പറയുന്നത്.

## "ഞാൻ കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ശിഷ്യരാക്കിക്കൊൾവിൻ" (28:20)

**20 "ഞാൻ നിങ്ങളോട് കൽപിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട് എന്നു അരുളിച്ചെയ്തു."**

**വാക്യം 20.** ഒരു പുതിയ ആരംഭമായിട്ടാണ് സ്നാനത്തെ കാണേണ്ടത്, അല്ലാതെ അവസാനമായിട്ടല്ല. പുതിയ ശിഷ്യന്മാരോട് താൻ **കൽപിച്ചതൊക്കെയും പ്രമാണിപ്പാൻ** തക്കവണ്ണം ഉപദേശിക്കുവാനായിരുന്നു യേശു അപ്പൊസ്തലന്മാരോട് പറഞ്ഞത്. മൂന്നു വർഷത്തിലധികം അവൻ അസംഖ്യം സത്യങ്ങൾ അവർക്ക് പകർന്നു കൊടുത്തിരുന്നു. അവന്റെ സ്വർഗാരോഹണത്തിനുശേഷം, പരിശുദ്ധാത്മാവിനെ അപ്പൊസ്തലന്മാരിൽ അയച്ച് പഠിപ്പിച്ചതെല്ലാം ഓർമ്മിപ്പിക്കുകയും, സകല സത്യത്തിലും അവരെ വഴി നടത്തുകയും ചെയ്തു (യോഹ. 14:26; 15:26, 27; 16:12–15). യേശുവിന്റെ ആജ്ഞയോട് അപ്പൊസ്തലന്മാർ വിശ്വസ്തത പുലർത്തിയതും, അവർ പുതിയ ശിഷ്യന്മാരെ ഉണ്ടാക്കിയതും പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു" (പ്രവൃ. 2:42).

## "ഞാനോ ലോകാവസാനത്തോളം നിങ്ങളോടുകൂടെ ഉണ്ട്" (28:20)

**20 "ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട്."**

**വാക്യം 20.** തന്റെ സാന്നിധ്യം ഉണ്ടാകുമെന്നു വാഗ്ദാനം ചെയതുകൊ

ണ്ടാണ് യേശു മഹത്തായ ആജ്ഞ അവസാനിപ്പിച്ചത് "**ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്.**" ക്രിസ്തു വീണ്ടും വരുമ്പോൾ ക്രിസ്തീയ യുഗം അവസാനിക്കുകയും, സ്വർഗത്തിൽ നിത്യ ജീവൻ ആരംഭിക്കുകയും ചെയ്യും. അതുവരെ തന്റെ പ്രവൃത്തി ചെയ്യുന്ന ശിഷ്യന്മാരോടുകൂടെ യേശു ഉണ്ടായിരിക്കും. യേശു തന്റെ ശിഷ്യന്മാരോടുകൂടെ ആയിരിക്കുന്നത്, ശിശുവിന് "ഇമ്മാനുവേൽ" എന്നു പേർ വിളിക്കുമെന്ന് മത്തായി 1:23-ൽ പറഞ്ഞിരിക്കുന്നു. "ദൈവം നമ്മോടുകൂടെ" എന്ന അർത്ഥം വരുന്ന "ഇമ്മാനുവേൽ" എന്ന പേർ അത് അന്വർത്ഥമാക്കുന്നു.[5]

## പാഠങ്ങൾ

### മഹത്തായ ആജ്ഞയുടെ മഹത്വം (28:18-20)

നമ്മുടെ കർത്താവ് മഹത്തായ ആജ്ഞ നൽകിയിരിക്കുന്നത് മത്തായി 28:18-20 ലാണ്. അതിനെ "മഹത്തായത്" എന്നു വിളിക്കുവാൻ കാരണം മനുഷ്യരുടെ ഒരു പ്രഖ്യാപനവും അത്തരത്തിൽ പ്രാധാന്യമുള്ളതല്ല. മർത്യരായ മനുഷ്യർക്ക് നൽകിയിട്ടുള്ളതിൽ വെച്ച ഏറ്റവും വിശുദ്ധമായ കൽപനയായിട്ടാണ് അതിനെ വിവരിച്ചിട്ടുള്ളത്. മഹത്തായ ആജ്ഞ മഹത്തായിരിക്കുന്നത് ചുരുങ്ങിയ ആറു കാരണങ്ങളാലാണ്: (1) അതിന്റെ പിന്നിലുള്ള പദ്ധതി (എഫെ. 3:8-11), (2) അതിന്റെ പിന്നിലുള്ള അധികാരം (7:29; 28:18), (3) അത് സർവ്വലൗകികമാണ് (28:19; പ്രവൃ. 26:16-18), (4) ആളുകളെ ഒന്നിപ്പിക്കുവാനുള്ള അതിന്റെ ശക്തി (എഫെ. 2:13-19; 4:4-6), (5) അതിന്റെ സ്ഥിരത (28:20), (6) അത്മാവിന്റെ വിലയ്ക്ക് അതിൽ കൊടുത്തിരിക്കുന്ന മൂല്യം (16:26).

### മഹത്തായ ആജ്ഞ (28:18-20)

യേശു സ്വർഗസ്ഥനായ പിതാവിന്റെ അടുക്കലേക്ക് പോകുന്നതിനുമുൻപ് അവന് അവസാനമായി ഒരു ദൗത്യം കൂടെ നിർവ്വഹിക്കുവാനുണ്ടായിരുന്നു: ഭൂമിയിൽ തന്റെ പ്രവൃത്തി തുടരുവാൻ ചുമതല ഏൽപിക്കുക എന്നതായിരുന്നു അത്. അപ്പൊസ്തലന്മാരെ ഏൽപിച്ച ആ ചുമതലയെ പലപ്പോഴും "മഹത്തായ ആജ്ഞ" എന്നാണ് വിളിക്കുന്നത്. എന്നാൽ അത് "ലോകാവസാനത്തോളം" നടത്തുവാൻ സഭയ്ക്കാണ് ഉത്തരവാദിത്തം (28:20). ആ സന്ദേശത്തിലെ മുഴുവൻ ഭാഗങ്ങളും ഒരു സ്ഥലത്തായിട്ടല്ല നൽകിയിരിക്കുന്നത്. യേശു അത് തന്റെ ഉയർത്തെഴുന്നേൽപിന്നും സ്വർഗാരോഹണത്തിനും ഇടക്ക് നാൽപതു-ദിവസ കാലയളവിൽ വിവിധ ഘട്ടങ്ങളിലായിട്ടായിരുന്നു നൽകിയത്. ഇതിന്റെ പൂർണ്ണമായ വിവരം ലഭിക്കുവാൻ പരിശുദ്ധാത്മാവ് ഇതിനെ സംബന്ധിച്ച് വെളിപ്പെടുത്തിയ സകല വിവരങ്ങളും നോക്കണം (28:18-20; മർ. 16:15, 16: ലൂക്കൊ. 24:46-49).

---

കുറിപ്പുകൾ

[1]ആർ. ടി.ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 412. [2]ഈ ശൈലിയെ പരിമിത ആജ്ഞയുമായി താരതമ്യം ചെയ്യുക: "പോകുക … നിങ്ങൾ പോകുമ്പോൾ, പ്രസംഗിക്ക" (10:6, 7). [3]ലിയോൺ

മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 746, എൻ. 30. [4]ഫ്രാൻസ്, 414. [5]റോബർട്ട് എച്ച്. മൗൺസ്, *മാത്യു*, ന്യു ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി (പീബഡി: മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 268.

---

## ഒരു സംക്ഷിപ്തം

ജീവിതം എന്നാലെന്തെന്ന ചോദ്യത്തിന് ഉത്തരം നൽകുന്നതിനു നമ്മെ സഹായിക്കുന്നതാണ് മത്തായിയുടെ പുസ്തകത്തെ കുറിച്ചുള്ള നമ്മുടെ പഠനം.

*ആരാണ് രാജാവ്? അവൻ വന്നത് എന്തിന്?* ദൈവപുത്രൻ ഭൂമിയിൽ വന്നത് നമുക്ക് രക്ഷ നൽകുവാനായിരുന്നു! അനേക വർഷമായി കാത്തിരുന്ന മശിഹ ഒരു കന്യകയുടെ മകനായി ജനിച്ച്, പാപരഹിതമായ ജീവിതം നയിച്ച്, ക്രൂശിക്കപ്പെടുകയും മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുകയും ചെയ്തു! അവൻ ഭൂമി വിട്ടുപോകുന്നതിനു മുൻപ് വരുവാനുള്ള രാജ്യത്തിനു അടിസ്ഥാനമിട്ടു. അവന്റെ ഉയർത്തെഴുന്നേൽപിനുശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തുനാളിൽ ആ രാജ്യം നിലവിൽ വന്നു.

*ഇനി എന്തു സംഭവിക്കും?* യേശു വീണ്ടും വരികയും അവസാന വിധി നടത്തുകയും ചെയ്യും. ആ ദിവസത്തിനായി നാം ഒരുങ്ങണമെന്നാണ് യേശു ആഗ്രഹിക്കുന്നത്! പുതിയനിയമത്തിൽ ക്രിസ്തു പഠിപ്പിച്ച ഉപദേശമനുസരിച്ച് നാം അവന്റെ അനുയായികളായി ജീവിക്കണം.